# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3043 — 11.12.2014 -ലെ മറുപടിയ്ക്ക്

## കോഴിക്കോട് സർവ്വകലാശാലാ കാമ്പസിലെ വിദ്യാർത്ഥികൾക്ക് മതിയായ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | | ഉത്തരം<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോഴിക്കോട് സർവ്വകലാശാലയിൽ എസ്. എഫ്. ഐ.- യുടെ നേതൃത്വത്തിൽ നടക്കുന്ന സമരത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്; ഇത് സർവ്വകലാശാലാ അധികൃതർ പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | സ്വാശ്രയ -കായിക വിദ്യാർത്ഥികൾക്ക് പുരുഷ ഹോസ്റ്റലിൽ റഗുലർ / എയ്ഡഡ് വിദ്യാർത്ഥികൾക്കൊപ്പം താമസ സൗകര്യം നൽകരുതെന്നും പ്രസ്തുത വിദ്യാർത്ഥികൾക്ക് സ്വാശ്രയ ഫണ്ട് ഉപയോഗിച്ച് പ്രത്യേക ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തണമെന്നുമാണ് എസ്. എഫ്.ഐ യുടെ നേതൃത്വത്തിൽ നടക്കുന്ന സമരത്തിന്റെ പ്രധാന ആവശ്യം. കായിക വകുപ്പിലെ സമയക്രമം അനുസരിച്ച് (രാവിലെ 6.30 മുതൽ 8.30 വരെയും, വൈകുന്നേരം 3.30 മുതൽ 6.30 വരെയും) പരിശീലനം നടക്കുന്നതിനാൽ വിദ്യാർത്ഥികൾക്ക് ദിവസം തോറുമുള്ള യാത്ര ദുഷ്കരമാണ്. കായിക വിദ്യാർത്ഥികൾക്ക് താമസ സൗകര്യം ഏർപ്പെടുത്തിയിരുന്ന സർവ്വകലാശാലാ ക്വാർട്ടേഴ്സ് താമസയോഗ്യമല്ലാതായതിനെ തുടർന്ന് പുരുഷ ഹോസ്റ്റലിൽ താമസ സൗകര്യം ഏർപ്പെടുത്തുകയാണ് സർവ്വകലാശാല ചെയ്തത്. |
| (ബി) | കാമ്പസിലെ റഗുലർ വിദ്യാർത്ഥികൾക്ക് നിലവിൽ മതിയായ ഹോസ്റ്റൽ സൗകര്യമുണ്ടോ; നിശ്ചിത എണ്ണത്തിൽ കൂടുതൽ കുട്ടികൾ ഇപ്പോൾ ഹോസ്റ്റലിൽ കഴിയുന്നുണ്ടോ; | (ബി) | പരാമാവധി 878 വിദ്യാർത്ഥികൾക്ക് താമസിക്കാവുന്ന വനിതാ ഹോസ്റ്റലിൽ 361 സ്വാശ്രയ വിദ്യാർത്ഥികൾ ഉൾപ്പെടെ 1128 പേർ താമസിക്കുന്നുണ്ട്. 376 |

| | | | |
|---|---|---|---|
| | | | പേർക്ക് താമസിക്കാവുന്ന പുരുഷ ഹോസ്റ്റലിൽ 47 സ്വാശ്രയ കായിക വിദ്യാർത്ഥികൾ ഉൾപ്പെടെ 376 പേർ താമസിക്കുന്നുണ്ട്. 28.10.2014 ൽ ബഹു. മുഖ്യമന്ത്രി വിളിച്ച ചേർത്ത യോഗത്തിൽ പങ്കെടുത്തവർ ഹോസ്റ്റലുകളുടെ അവസ്ഥ ദയനീയമായതിനാൽ അവ അടിയന്തിരമായി പുതുക്കി പണിയണമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. കായിക വിദ്യാർത്ഥികളെ ഗസ്റ്റ് ഹൗസിൽ താമസിപ്പിക്കാനും പൊതു മെസ് സൗകര്യം ഉപയോഗിക്കാനും ധാരണയായിട്ടുണ്ട്. പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹോസ്റ്റൽ നിർമ്മാണത്തിനും നവീകരണത്തിനും വേണ്ടി സർവ്വകലാശാല സമർപ്പിച്ച പ്രൊപ്പോസലിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | അപേക്ഷ നൽകിയ എത്ര റഗുലർ വിദ്യാർത്ഥികൾക്ക് ഇനിയും ഹോസ്റ്റൽ സൗകര്യം നൽകാനുണ്ട്; ഇവർക്ക് എന്നത്തേയ്ക്ക് ഹോസ്റ്റൽ സൗകര്യം നൽകാനാവുമെന്ന് വിശദമാക്കാമോ; | (സി) | പുരുഷ ഹോസ്റ്റലിൽ താമസിക്കുന്ന 47 സ്വാശ്രയ കായിക വിദ്യാർത്ഥികൾക്ക് നവീകരിച്ച ഗസ്റ്റ് ഹൗസിന്റെ പഴയ ബ്ലോക്ക് അനുവദിച്ച് സർവ്വകലാശാല ഉത്തരവായിട്ടുണ്ട്. ഇവർ മാറുന്നതോടെ അപേക്ഷ നല്കിയിട്ടുള്ള 44 റഗുലർ വിദ്യാർത്ഥികൾക്ക് കൂടി പുരുഷ ഹോസ്റ്റൽ താമസ സൗകര്യം നൽകാൻ കഴിയും. |

സെക്ഷൻ ഓഫീസർ